# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

'ഭൂരഹിതരില്ലാത്ത കേരളം 2015'

1108 ശ്രീ. കെ. ശിവദാസൻ നായർ
,, ബെന്നി ബെഹനാൻ
,, ജോസഫ് വാഴക്കൻ
,, വർക്കല കഹാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും_വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) 'ഭൂരഹിതരില്ലാത്ത കേരളം 2015' പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് പദ്ധതി മുഖേന കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) ഭൂരഹിതരായവർക്ക് നൽകാനുള്ള ഭൂമി കണ്ടെത്തുന്നതിനും അവ വിതരണം ചെയ്യുന്നതിനും എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(ഡി) പദ്ധതി നടപ്പാക്കുന്നതിന് ഭരണതലത്തിൽ ഒരുക്കിയിരിക്കുന്ന ക്രമീകരണങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കാൻ മിഷൻ 676 ൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾക്കൊള്ളിച്ചിട്ടുള്ളത്?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഭൂമി കേരളം പരിപാടി</u>

1109 ശ്രീ. കെ വി. വിജയദാസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമി കേരളം പരിപാടിയുടെ ഭാഗമായി എത്ര പേർക്ക് ഭൂമി നൽകുവാൻ കഴിഞ്ഞിട്ടുണ്ട്;

(ബി) എല്ലാ ജില്ലകളിലും റീസർവ്വേ പൂർത്തീകരിച്ച് റവന്യൂ ഭൂമി തിട്ടപ്പെടുത്തുവാൻ കഴിഞ്ഞിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ നൽകുമോ;

(സി) കോങ്ങാട് മണ്ഡലത്തിൽ തിട്ടപ്പെടുത്തിയിട്ടുള്ള റവന്യൂ ഭൂമിയുടെ വിശദാംശങ്ങൾ വില്ലേജ് തിരിച്ച് നൽകുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഭൂരഹിതർക്ക് മൂന്ന് സെന്റ് ഭൂമി വീതം നൽകുന്ന പദ്ധതി</u>

1110 ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതർക്ക് മൂന്ന് സെന്റ് വീതം ഭൂമി നൽകുന്ന പദ്ധതിയിൽ ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) അപേക്ഷകരിൽ അർഹരായവരെ കണ്ടെത്തുന്നതിന് ഏന്തെല്ലാം മാനദണ്ഡങ്ങളാണ് സ്വീകരിക്കുന്നത്;

(സി) ഇവർക്ക് വിതരണം ചെയ്യാനായി എത്ര ഭൂമി ഇതിനകം കണ്ടെത്തിയിട്ടുണ്ട്;

(ഡി) ബാക്കി ഭൂമി എങ്ങനെ കണ്ടെത്താൻ ഉദ്ദേശിക്കുന്നു എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഭൂരഹിതർക്ക് ഭൂമി വിതരണം

1111 ശ്രീ. എ. എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം സംസ്ഥാനത്ത് എത്ര ഭൂരഹിതർക്ക് എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു എന്ന് ജില്ല തിരിച്ച് കണക്ക് നൽകുമോ;

(ബി) ഇനി ഓരോ ജില്ലയിലും ഭൂമി ലഭിക്കാത്ത എത്ര ഭൂരഹിത കുടുംബങ്ങളാണുള്ളത്;

(സി) ഈ കുടുംബങ്ങൾക്ക് എന്നത്തേക്ക് ഭൂമി നൽകാൻ സാധിക്കുമെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

1112 ശ്രീ. സി. ദിവാകരൻ

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഇതുവരെ എത്ര പേർക്കാണ് പട്ടയവും കൈവശവകാശ രേഖയും നൽകിയത്; ജില്ല തിരിച്ച് വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഭൂരഹിതരില്ലാത്ത കേരളം പദ്ധതി</u>

1113 ശ്രീ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂരഹിതരില്ലാത്ത കേരളം പദ്ധതി പ്രകാരം ഭൂമി ലഭിക്കുന്നതിനായി ആകെ എത്ര അപേക്ഷകളാണ് ലഭിച്ചത്;

(ബി) ഇതിൽ എത്ര പേർക്ക് ഇതിനകം ഭൂമി നൽകാനായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) അനുവദിച്ച ഭൂമി ഏറ്റെടുക്കാത്തവരുണ്ടോ; എങ്കിൽ എത്ര;

(ഡി) ഭൂരഹിതരായ അപേക്ഷകർക്ക് അനുവദിച്ച ഭൂമി പിന്നീട് റദ്ദ് ചെയ്തിട്ടുണ്ടോ; എങ്കിൽ ഏതെല്ലാം ജില്ലകളിൽ എത്ര പേർക്ക് ഇത്തരത്തിൽ റദ്ദ് ചെയ്തിട്ടുണ്ടെന്ന് അറിയിക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സംസ്ഥാനത്ത് ഭൂരഹിതർക്ക് ഭൂമി നൽകുന്ന പദ്ധതി</u>

1114 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായി എത്ര കുടുംബങ്ങൾ ഉണ്ട്; ജില്ലാടിസ്ഥാനത്തിൽ എണ്ണം പ്രസിദ്ധീകരിക്കാമോ;

(ബി) സംസ്ഥാനത്തെ ഭൂരഹിതർക്കെല്ലാം ഭൂമി നൽകുന്നതിനു ഭൂമി സർക്കാരിൽ ലഭ്യമാണോ;

(സി) ഓരോ കുടുംബത്തിനും എത്ര ഭൂമിയാണ് സൗജന്യമായി നല്കുവാൻ ഉദ്ദേശിക്കുന്നത്; വിശദാംശം നൽകാമോ;

(ഡി) 01.01.2011 മുതൽ എത്ര പേർക്ക് ഭൂമി സൗജന്യമായി നൽകി; ജില്ലാടിസ്ഥാനത്തിൽ കണക്ക് പ്രസിദ്ധീകരിക്കാമോ;

(ഇ) സൗജന്യമായി ഭൂമി നൽകിയ എല്ലാവർക്കും കൈവശ രേഖ നൽകിയോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഭൂരഹിതരില്ലാത്ത കേരളം പദ്ധതി

1115 ശ്രീ. കെ. രാധാകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂരഹിതരായി എത്രപേരുണ്ടെന്ന് കണക്കെടുത്തിട്ടുണ്ടോ; അതിൽ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർ എത്രപേരുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(ബി) ഭൂരഹിതരില്ലാത്ത കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ഇവരിൽ എത്ര പേർക്ക് ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(സി) പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട എത്ര പേർക്ക് ഈ പദ്ധതിപ്രകാരം ഭൂമി വിതരണം ചെയ്തിട്ടുണ്ടെന്ന് ജില്ല തിരിച്ച് പറയാമോ;

(ഡി) സംസ്ഥാനത്ത് ഭൂരഹിതരായ എല്ലാപേർക്കും ഭൂമി വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ പറയാമോ;

(ഇ) ഭൂരഹിതരായി കണ്ടെത്തിയ എല്ലാവർക്കും ഭൂമി വിതരണം ചെയ്യുന്ന നടപടി എപ്പോൾ പൂർത്തിയാക്കാൻ കഴിയുമെന്ന് പറയാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം</u>

1116 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വള്ളിക്കുന്ന് പഞ്ചായത്തിൽ പട്ടയം ലഭിച്ചിട്ടില്ലാത്ത മത്സ്യത്തൊഴിലാളി കുടുംബങ്ങളുടെ പരാതി ലഭിച്ചിട്ടുണ്ടോ;

(ബി) പട്ടയമില്ലാത്തതുകൊണ്ട് കഷ്ടപ്പാടുകൾ സഹിക്കുന്ന മത്സ്യത്തൊഴിലാളി കുടുംബങ്ങൾക്ക് പട്ടയം നൽകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് മലപ്പുറം ജില്ലാ കളക്ടർക്ക് കിട്ടിയ പരാതികളിൽ നടപടി സ്വീകരിച്ചതായി അറിയുമോ; ഇല്ലങ്കിൾ പട്ടയം നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കാസര്‍ഗോഡ് ജില്ലയിലെ ഭൂരഹിതര്‍ക്ക് ഭൂമി</u>

1117 ശ്രീ. എന്‍. എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കാസര്‍ഗോഡ് ജില്ലയില്‍ എത്ര ഭൂരഹിതര്‍ക്ക് ഭൂമി അനുവദിച്ചു നല്‍കിയിട്ടുണ്ട്; ഏത്ര ഭൂമി;

(ബി) ഇതില്‍ കാസര്‍ഗോഡ് ജില്ലയില്‍ നിന്നുള്ളവര്‍ എത്ര; മറ്റു ജില്ലകളില്‍ നിന്നുള്ളവരില്‍ എത്ര പേര്‍ക്കു നല്കി;

(സി) കാസര്‍ഗോഡ് ജില്ലയില്‍ വ്യാവസായിക ആവശ്യത്തിന് നീക്കി വച്ചിരുന്ന ഭൂമി ഭൂരഹിതര്‍ക്ക് പതിച്ചുനല്‍കിയിട്ടുണ്ടോ; അതു സംബന്ധിച്ച വിശദവിവരം നല്‍കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

**കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കരിമ്പുഴ I വില്ലേജിലെ കുന്നക്കാട് ദേശത്ത് മിച്ച ഭൂമി പതിച്ചു നൽകിയതിന്റെ വിശദാംശങ്ങൾ**

1118 ശ്രീ. എം. ഹംസ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കരിമ്പുഴ ഗ്രാമപഞ്ചായത്തിലെ കരിമ്പുഴI വില്ലേജിൽപെട്ട കുന്നക്കാട് ദേശത്ത് എത്ര കുടുംബങ്ങൾക്കാണ് മിച്ച ഭൂമി പതിച്ചു നൽകിയത്; എന്നാണ് നൽകിയത്; ഓരോ കുടുംബത്തിനും എത്ര വീതം ഭൂമി നൽകുകയുണ്ടായി;

(ബി) പ്രസ്തുത കുടുംബങ്ങൾക്ക് ടി സ്ഥലത്തിന്റെ കൈവശരേഖ നൽകുകയുണ്ടായോ;

(സി) ഉണ്ടെങ്കിൽ എന്ന്; ഇല്ലെങ്കിൽ എന്തുകൊണ്ട്?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കാസറഗോഡ് താലൂക്കിൽ ഭൂമിക്ക് അപേക്ഷിച്ചവർ</u>

1119 ശ്രീ. എൻ.എ. നെല്ലിക്കുന്ന്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസറഗോഡ് താലൂക്കിൽ ഭൂമിക്കായി എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ട്;

(ബി) കാസറഗോഡ് ജില്ലക്കാരല്ലാത്തവരുടെ അപേക്ഷകളുണ്ടോ; വിശദവിവരം നല്കാമോ;

(സി) എത്രപേർക്ക് ഭൂമി അനുവദിച്ചു നല്കിയിട്ടുണ്ട്; മൊത്തം എത്ര ഭൂമിയാണ് അനുവദിച്ചിട്ടുള്ളത്?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഭൂമി തട്ടിപ്പിനെതിരെ നടപടി</u>

1120 ശ്രീ. എ. കെ. ബാലൻ
,, സാജു പോൾ
,, പി. റ്റി.എ. റഹീം
,, ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനവ്യാപകമായി ഭൂമി തട്ടിപ്പ് നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന് ഉദ്യോഗസ്ഥരുടെ ഒത്താശയുള്ള കാര്യം അറിവുള്ളതാണോ;

(ബി) വൻതോതിൽ നടക്കുന്ന ഇത്തരം തട്ടിപ്പുകൾ തടയുന്നതിനും കുറ്റക്കാർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും സംവിധാനമുണ്ടോ;

(സി) തട്ടിപ്പിനിരയാകുന്നവരുടെ പരാതി സ്വീകരിക്കുന്നതിലും അന്വേഷിക്കുന്നതിലും റവന്യൂ ഉദ്യോഗസ്ഥർ വിമുഖത കാട്ടുന്നതും തട്ടിപ്പു സംഘങ്ങൾക്ക് കൂട്ടുനിൽക്കുന്നതുമായ ആക്ഷേപം നിലനിൽക്കുന്നുണ്ടോ;

(ഡി) മുഖ്യമന്ത്രിയുടെ മുൻഗൺമാൻ സലിംരാജ് ഉൾപ്പെട്ട കടകമ്പള്ളി ഭൂമി തട്ടിപ്പ് കേസ്സിൽ ഇരയായവരിൽ നിന്നും കരം സ്വീകരിക്കാത്തതെന്തുകൊണ്ടാണെന്ന് വ്യക്തമാക്കാമോ;

(ഇ) ഇരകളിൽ നിന്നും കരം സീകരിക്കാമെന്ന് ജില്ലാകളക്ടറുടെ മുൻനിലപാടിൽ നിന്നും പിന്നോക്കം പോകാൻ കാരണമെന്തായിരുന്നു; നിലപാട് മാറ്റത്തിനു പിന്നിൽ ഉന്നത ഇടപെടൽ ഉണ്ടായിട്ടുണ്ടോ;

(എഫ്) കടകമ്പള്ളി വില്ലേജ് പരിധിയിലെ ഭൂഉടമകളിൽ ആരിൽ നിന്നും നികുതി സ്വീകരിക്കേണ്ടന്ന തീരുമാനമെടുക്കാനുണ്ടായ സാഹചര്യം വിശദീകരിക്കാമോ;

(ജി) കരം സ്വീകരിക്കേണ്ടതില്ലെന്നും ആവശ്യമുള്ളവർ കോടതിയെ സമീപിക്കട്ടെയെന്നും അഡ്വക്കേറ്റ് ജനറൽ കോടതിയിൽ പറയുകയുണ്ടായോ; ഇത് റവന്യൂ വകുപ്പിന്റെ നിർദ്ദേശപ്രകാരമായിരുന്നോ; ഇങ്ങനെയൊരു നിലപാട് എടുത്തതെന്തുകൊണ്ടാണെന്ന് അറിയിക്കാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം</u>

1121 ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയലുകളുടെയും തണ്ണീർത്തടങ്ങളുടെയും ഡാറ്റാ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ടോ;

(ബി) നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്യാൻ ആലോചിക്കുന്നുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>നെൽവയൽ- നീർത്തട സംരക്ഷണ നിയമത്തിൽ ഭേദഗതി വരുത്തുവാനുള്ള നീക്കം</u>

1122 ശ്രീ. ഇ. പി. ജയരാജൻ
'' കെ. വി. വിജയദാസ്
'' ബാബു എം. പാലിശ്ശേരി
'' സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നെൽവയൽ-നീർത്തട സംരക്ഷണ നിയമം ഭേദഗതി ചെയ്യുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; ഇത്തരത്തിലൊരു തീരുമാനമെടുക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ;

(ബി) വിപണി വില ഈടാക്കി വയൽ നികത്താൻ അനുമതി നൽകുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) അനുമതിയില്ലാതെ അനധികൃതമായി നികത്തപ്പെട്ട സംസ്ഥാനത്തെ ആയിരക്കണക്കിന് ഹെക്ടർ ഭൂമി നിയമഭേദഗതിയിലൂടെ ക്രമവൽക്കരിച്ചു നൽകാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) നെൽവയലുകളും തണ്ണീർത്തടങ്ങളും യഥേഷ്ടം നികത്തുന്നതിന് അനുമതി നൽകുന്നത് സംസ്ഥാനത്തെ ഭക്ഷ്യസുരക്ഷയേയും ജലസംരക്ഷണത്തെയും ഗുരുതരമായി ബാധിക്കുമെന്ന കാര്യം വിലയിരുത്തിയിട്ടുണ്ടോ;

(ഇ) ഈ നിയമഭേദഗതി ദൂരവ്യാപകമായ പ്രത്യാഘാതത്തിനിടയാക്കുമെന്ന് അറിയാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>നെൽവയൽ തണ്ണീർത്തടം സംരക്ഷിക്കുന്നതിനായി ഡേറ്റാ ബാങ്ക് തയ്യാറാക്കൽ</u>

1123 ശ്രീ. പി. കെ. ഗുരുദാസൻ
,, എ. എം. ആരിഫ്
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നെൽവയൽ തണ്ണീർത്തടം സംരക്ഷിക്കുന്നതിന്റെ ഭാഗമായുള്ള ഡേറ്റാബാങ്ക് തയ്യാറാക്കൽ ഇപ്പോൾ ഏത് അവസ്ഥയിലാണ് എന്ന് അറിയിക്കുമോ;

(ബി) പ്രാദേശിക മേൽനോട്ട സമിതികൾ തയ്യാറാക്കിയ കരടു പട്ടികകളുടെ കൃത്യത വരുത്താനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(സി) ഈ പ്രവർത്തനങ്ങൾ എന്ന് തീർക്കാനാകും എന്നാണ് കരുതുന്നത്;

(ഡി) ഈ കാലതാമസം ഭൂമാഫിയകൾ ദുരുപയോഗം ചെയ്തു എന്ന കാര്യം അറിവുള്ളതാണോ; ഇത് ഒഴിവാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>വരൾച്ച നേരിടുന്നതിനുള്ള നടപടികൾ</u>

1124 ശ്രീ. പി. കെ. ഗുരുദാസൻ
,, കോലിയക്കോട് എൻ. കൃഷ്ണൻ നായർ
,, കെ. കുഞ്ഞിരാമൻ (ഉദുമ)
,, എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് രൂക്ഷമായ കുടിവെള്ള ക്ഷാമം പരിഹരിക്കുന്നതിനും വരൾച്ച നേരിടുന്നതിനും എന്തെല്ലാം നടപടികളാണ് സ്വീകരിച്ചത്; ഇതിന് കേന്ദ്ര സഹായം ലഭിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) റവന്യൂ വകുപ്പ് മുഖേന കുടിവെള്ള വിതരണം നടക്കുകയുണ്ടായോ; ഇതിന് ജില്ലകൾക്ക് ഫണ്ട് നൽകിയിരുന്നോ; വിശദാംശം ലഭ്യമാക്കാമോ;

(സി) പരമ്പരാഗത ജലസ്രോതസ്സുകൾ ഉപയോഗയോഗ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; ഇതിന് ആവശ്യമായ ഫണ്ട് നൽകിയിരുന്നോ;

(ഡി) മുൻ വർഷവും ഈ വർഷവും വരൾച്ച നേരിടുന്നതിന് സർക്കാർ നൽകിയിട്ടുള്ള ഫണ്ട് സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

നെൽവയൽ - തണ്ണീർത്തട നിയമത്തിൽ ഭേദഗതി

1125 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള നെൽവയൽ - തണ്ണീർത്തട നിയമത്തിൽ ഭേദഗതി വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) നെൽ കൃഷിചെയ്തു വരുന്ന ഭൂമി മറ്റാവശ്യങ്ങൾക്ക് വിനിയോഗിക്കുവാൻ ഉടമയ്ക്ക് അധികാരം നൽകുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ;

(സി) നെൽ കൃഷിചെയ്തു വരുന്ന ഭൂമി മറ്റാവശ്യങ്ങൾക്ക് ഉപയോഗിക്കുവാൻ എന്തൊക്കെ മാനദണ്ഡങ്ങളാണ് സർക്കാർ നിശ്ചയിച്ചിട്ടുള്ളത്; വ്യക്തമാക്കാമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഭൂമിയുടെ തരംമാറ്റം

1126 ശ്രീ. പി. ഉബൈദുള്ള

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റവന്യൂ രേഖകളിൽ ഭൂമിയുടെ തരം മാറ്റി നൽകുന്നതിനുള്ള നടപടിക്രമങ്ങൾ വിശദീകരിക്കാമോ;

(ബി) നെൽവയൽ സംരക്ഷണ നിയമപ്രകാരം ഗൃഹ നിർമ്മാണത്തിനായി വയൽ നികത്തുവാൻ അനുമതി ആവശ്യമാണോ;

(സി) ഭൂമിയുടെ തരത്തിലുള്ള സാങ്കേതിക തടസ്സങ്ങൾ കാരണം സ്വന്തം ഭൂമിയിൽ വീട് വെക്കാൻ പറ്റാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ഭൂമിയുടെ തരംമാറ്റത്തിനുള്ള വ്യവസ്ഥകൾ ലഘൂകരിക്കുന്നതിനും ഗാർഹിക ആവശ്യങ്ങൾക്ക് ഭൂമി നൽകാൻ സാധിക്കും വിധം നിയമത്തിൽ ഭേദഗതി വരുത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഹാരിസൺ മലയാളം കമ്പനി കയ്യേറിയ ഭൂമി ഒഴിപ്പിക്കുന്നതിന് നടപടി

1127 ശ്രീ. കെ. രാധാകൃഷ്ണൻ
,, വി. ചെന്താമരാക്ഷൻ
,, എസ്. രാജേന്ദ്രൻ
,, കെ. സുരേഷ് കുറുപ്പ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹാരിസൺ മലയാളം കമ്പനി കയ്യേറ്റം നടത്തി അനധികൃതമായി കൈവശം വെച്ചിരിക്കുന്ന സർക്കാർ ഭൂമി എത്രയെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; ഇത് ഏറ്റെടുക്കുന്നതിന് തടസ്സമെന്തെന്ന് വിശദമാക്കാമോ;

(ബി) കോടതി നിർദ്ദേശമുണ്ടായിട്ടും ഹാരിസൺ കൈവശംവെച്ചു കൊണ്ടിരിക്കുന്ന ഭൂമി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാത്തതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) ഭൂമി ഏറ്റെടുക്കുന്നതിന് രൂപീകരിച്ച ഉന്നതതല കമ്മിറ്റിയുടെ പ്രവർത്തനം മരവിപ്പിച്ചിട്ടുണ്ടോ;

(ഡി) വയനാട്ടിൽ ഹാരിസൺ കൈവശം വെച്ചിരിക്കുന്ന ഭൂമി ഒഴിപ്പിക്കുന്നതിനു പകരം മിച്ചഭൂമിയിൽ കുടിൽകെട്ടി താമസിക്കുന്നവരെ ഒഴിപ്പിക്കാൻ ഇടയായ സാഹചര്യം വിശദമാക്കാമോ; സർക്കാർ ഹാരിസൺ കമ്പനിക്ക് ഒത്താശ ചെയ്യുകയാണെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

റവന്യൂ സര്‍ട്ടിഫിക്കറ്റുകള്‍ ഓണ്‍ലൈന്‍ വഴി ലഭ്യമാക്കാന്‍ നടപടി

1128 ശ്രീ. വി. ഡി. സതീശന്‍
,, അന്‍വര്‍ സാദത്ത്
,, ഡൊമിനിക് പ്രസന്റേഷന്‍
,, കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റവന്യൂ സര്‍ട്ടിഫിക്കറ്റുകള്‍ ഓണ്‍ലൈന്‍ വഴി ലഭ്യമാക്കുന്നതിന് തുടക്കം കുറിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം സര്‍ട്ടിഫിക്കറ്റുകളാണ് ഓണ്‍ലൈന്‍ വഴി ലഭിക്കുന്നത്;

(സി) ഏതെല്ലാം ഏജന്‍സികളാണ് ഇതുമായി സഹകരിക്കുന്നത്;

(ഡി) പ്രസ്തുത സര്‍ട്ടിഫിക്കറ്റുകള്‍ക്ക് ആധികാരികത നല്‍കിയിട്ടുണ്ടോ;

(ഇ) പ്രസ്തുത സൗകര്യങ്ങളെക്കുറിച്ച് ജനങ്ങള്‍ക്കിടയില്‍ ബോധവല്‍ക്കരണ പരിപാടികള്‍ സംഘടിപ്പിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ലാൻഡ് ബാങ്കിന്റെ പ്രവർത്തനം</u>

1129 ശ്രീമതി ഗീതാ ഗോപി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലാൻഡ് ബാങ്കിന്റെ പ്രവർത്തനം ഇപ്പോൾ ഏതു രീതിയിലാണ് നടക്കുന്നത്; ബാങ്ക് പ്രവർത്തനം സജീവമായി നടക്കുന്നുണ്ടോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ലാൻഡ് ബാങ്കിന് കൈമാറിയ ഭൂമിയുടെ വിസ്തീർണ്ണം എത്രയെന്ന് വിശദമാക്കുമോ;

(സി) അന്യാധീനമായിക്കിടക്കുന്ന പൊതു സ്ഥലങ്ങൾ സർക്കാരിൽ നിക്ഷിപ്തമാക്കുവാൻ എന്തെല്ലാം നടപടികളാണ് സർക്കാർ ഇപ്പോൾ സ്വീകരിച്ചുവരുന്നത്; വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പ്രവർത്തനം ആരംഭിച്ച പുതിയ താലൂക്കുകൾ</u>

1130 ശ്രീ. എ.എ. അസീസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം സംസ്ഥാനത്ത് എത്ര താലൂക്കുകൾ പുതുതായി രൂപവത്കരിച്ചു; എവിടങ്ങളിലൊക്കെ;

(ബി) ഇവയിൽ ഏതൊക്കെ പൂർണരൂപത്തിൽ പ്രവർത്തനം ആരംഭിച്ചു എന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>ആർ. ഇ. എൽ. ഐ. എസ് പദ്ധതി</u>

1131 ശ്രീ. കെ. ശിവദാസൻ നായർ
,, തേറമ്പിൽ രാമകൃഷ്ണൻ
,, പാലോട് രവി
,, ടി. എൻ. പ്രതാപൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യുവും കയറും വകുപ്പു മന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആർ. ഇ. എൽ. ഐ. എസ് (റവന്യൂ ലാന്റ് ഇൻഫർമേഷൻ സിസ്റ്റം) പദ്ധതി രൂപീകരിച്ചിട്ടുണ്ടോ;

(ബി) ആയതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) പോക്കുവരവ് നടത്തുന്നതിന് റവന്യൂ-രജിസ്ട്രേഷൻ വകുപ്പുകളെ ഓൺലൈനായി ബന്ധിപ്പിച്ച് എന്തെല്ലാം സൗകര്യങ്ങളാണ് പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) പദ്ധതി നടത്തിപ്പിനായി നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

റീസർവ്വേ അദാലത്തുകൾ

1132 ശ്രീ. ഹൈബി ഈഡൻ
,, എം. എ. വാഹീദ്
,, കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും_വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) റീസർവ്വേ അദാലത്തുകൾ വില്ലേജ്തലത്തിൽ നടത്തുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ്;

(സി) റീസർവ്വെ സംബന്ധിച്ച പരാതികളിൽ തീർപ്പ് കൽപ്പിക്കുന്നതിന് എന്തെല്ലാം നടപടിക്രമങ്ങളാണ് അദാലത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്;

(ഡി) മുഖ്യമന്ത്രിയുടെ ജനസമ്പർക്ക പരിപാടിയിൽ ലഭിക്കുന്ന പരാതികൾ അദാലത്തുകളിൽ തീർപ്പാക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

പുനലൂർ താലൂക്കിലെ സർവ്വേയർമാരുടെ അപര്യാപ്തത

1133 ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുനലൂർ താലൂക്കിലെ റീസർവ്വേ നടപടികൾ പൂർത്തിയാക്കാനുള്ള നടപടികൾ സ്വീകരിക്കുമോ;

(ബി) റീസർവ്വേ നടപടികൾ ആരംഭിക്കുകയും എന്നാൽ നിർത്തിവയ്ക്കപ്പെട്ടതുമായ ഏരൂർ വില്ലേജിലെ റീസർവ്വേ പുനരാരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ;

(സി) പുനലൂർ താലൂക്കിൽ, ആവശ്യമായ സർവ്വേയർമാർ ഇല്ലാത്തതിനാൽ അതിർത്തിതർക്കങ്ങൾ ഉൾപ്പെടെയുള്ളവ പരിഹരിക്കപ്പെടാനാകാതെ കിടക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ സാഹചര്യത്തിൽ പുനലൂർ താലൂക്കിൽ ആവശ്യമായ സർവ്വേയർമാരെ നിയമിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>താലൂക്കുകളുടെ രൂപീകരണം</u>

1134 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) പുതുതായി എത്ര താലൂക്കുകളാണ് രൂപീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ താലൂക്കുകള്‍ രൂപീകരിക്കുന്നതിനുള്ള മുന്‍ഗണനാ പട്ടിക തയ്യാറാക്കിയിരുന്നുവോ;

(സി) ഈ പട്ടികയില്‍ ഇല്ലാതിരുന്ന 'കൊണ്ടോട്ടി', താലൂക്കായി പ്രഖ്യാപിക്കുകയും പട്ടികയില്‍ ഉണ്ടായിരുന്ന അട്ടപ്പാടി, പയ്യന്നൂര്‍, കുന്നംകുളം, പേരാമ്പ്ര താലൂക്കുകള്‍ ഒഴിവാക്കുകയും ചെയ്യാനുള്ള കാരണം വ്യക്തമാക്കാമോ;

(ഡി) കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലം, താലൂക്കായി ഉയര്‍ത്താന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

താലൂക്കുകളുടേയും വില്ലേജുകളുടേയും രൂപീകരണം

1135 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതിയ താലൂക്കുകളുടേയും വില്ലേജുകളുടേയും രൂപീകരണം ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഏതൊക്കെ താലൂക്കുകളും വില്ലേജുകളുമാണ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നത്;

(സി) നേരത്തേ പ്രഖ്യാപിച്ച താലൂക്കുകളുടെ പ്രവർത്തനങ്ങൾ ഏതുവരെയായി എന്ന് വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>മട്ടന്നൂരിൽ മിനി സിവിൽ സ്റ്റേഷൻ/റവന്യൂ ടവർ നിർമ്മാണം</u>

1136 ശ്രീ. ഇ. പി. ജയരാജൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ)) മട്ടന്നൂരിൽ മിനി സിവിൽ സ്റ്റേഷൻ/റവന്യൂ ടവർ നിർമ്മിക്കുന്നതിനുള്ള പ്രോജക്ട് പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ടോ;

(ബി) മട്ടന്നൂരിൽ മിനി സിവിൽ സ്റ്റേഷൻ/റവന്യൂ ടവർ നിർമ്മിക്കുന്നതിനായി ജലവിഭവ വകുപ്പിന്റെ കൈവശമുള്ള മൂന്നേക്കർ സ്ഥലം 28.11.2013 ലെ നമ്പർ 27698/ഐആർ1/12/ഡബ്ല്യൂ.ആർ.ഡി കത്ത് പ്രകാരം റവന്യൂ വകുപ്പിന് കൈമാറ്റം ചെയ്തു ലഭ്യമായിട്ടുണ്ടോ;

(സി) കേരള സംസ്ഥാന ഹൗസിംഗ് ബോർഡ് മട്ടന്നൂർ മിനി സിവിൽ സ്റ്റേഷനുവേണ്ടി ജലവിഭവ വകുപ്പിൽ നിന്നും റവന്യൂ വകുപ്പിന് കൈമാറ്റം ചെയ്തുകിട്ടിയ സ്ഥലം മിനി സിവിൽ സ്റ്റേഷൻ നിർമ്മാണത്തിനായി ഹൗസിംഗ് ബോർഡിന് വിട്ടുനൽകുവാൻ ആവശ്യപ്പെട്ടുകൊണ്ട് കത്ത് നൽകിയിട്ടുണ്ടോ;

(ഡി) അതിന്മേൽ കൈക്കൊണ്ട നടപടികൾ വിശദീകരിക്കുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>ചാലക്കുടി താലൂക്ക് ഓഫീസിന്റെ പ്രവർത്തനം</u>

1137 ശ്രീ. ബി. ഡി. ദേവസ്സി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പുതുതായി പ്രവർത്തനം ആരംഭിച്ച ചാലക്കുടി താലൂക്കിന്, ചാലക്കുടിയിൽ റവന്യൂ വകുപ്പിനു കീഴിലുള്ള റിഫ്രാക്ടറീസ് വക മൂന്ന് ഏക്കറിലധികം വരുന്ന സ്ഥലത്ത്, ഒരു ഓഫീസ് സമുച്ചയം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(ബി) ചാലക്കുടി താലൂക്ക് ഓഫീസിൽ അനുവദിച്ചിട്ടുള്ള മുഴുവൻ തസ്തികകളിലും ജീവനക്കാരെ നിയമിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) നിലവിൽ അനുവദിച്ചിട്ടില്ലാത്ത 'ചെയിൻമാൻ' തസ്തിക അടിയന്തിരമായി അനുവദിക്കുന്നതിനും, പ്രസ്തുത തസ്തികയിൽ നിയമനം നടത്തുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഫോര്‍ട്ട് കൊച്ചിയിലെ ആര്‍.ഡി.ഒ. ഓഫീസ് മാറ്റി സ്ഥാപിക്കാന്‍ നടപടി

1138 ശ്രീ. ജോസ് തെറ്റയില്‍

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

എറണാകുളം ജില്ലയുടെ വടക്കേ അറ്റത്തുള്ള അങ്കമാലി, ആലുവ എന്നീ നിയോജകമണ്ഡലങ്ങളിലെ ജനങ്ങള്‍ക്ക് ആര്‍.ഡി.ഒ ഓഫീസുമായി ബന്ധപ്പെട്ട കേസുകള്‍ക്ക് ഫോര്‍ട്ട്കൊച്ചി വരെ എത്തിച്ചേരാന്‍ നേരിടുന്ന ബുദ്ധിമുട്ടുകള്‍ കണക്കിലെടുത്ത് പ്രസ്തുത ഓഫീസ് എറണാകുളത്തേക്കോ, കാക്കനാട്ടേക്കോ മാറ്റി സ്ഥാപിക്കുവാന്‍ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പട്ടാമ്പി സർവ്വേ ഓഫീസുകളിലെ സ്റ്റാഫ് നിയമനം</u>

1139 ശ്രീ. സി. പി. മുഹമ്മദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പിയിൽ താലൂക്ക് വന്നുകഴിഞ്ഞിട്ടും സർവ്വേ ഓഫീസടക്കമുള്ള ഓഫീസുകൾ ആരംഭിക്കാത്തതിനും ആവശ്യമായ സ്റ്റാഫിനെ നിയമിക്കാത്തതിനും കാരണം വ്യക്തമാക്കുമോ;

(ബി) ആവശ്യമായ സ്റ്റാഫിനെ ഉടൻ നിയമിക്കുമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ഭവനനിർമ്മാണ പദ്ധതിയിൽ നിന്നും വായ്പ ലഭിക്കുന്നതിന് കൈവശാവകാശ സർട്ടിഫിക്കറ്റ്

1140 ശ്രീ. എസ്. രാജേന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭവനനിർമ്മാണ പദ്ധതിയിൽ നിന്നും വായ്പ ലഭിക്കുന്നതിന് കൈവശാവകാശ സർട്ടിഫിക്കറ്റ് നൽകുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ദേവികുളം നിയോജകമണ്ഡലത്തിൽ നൽകിയ കൈവശാവകാശ സർട്ടിഫിക്കറ്റിന്റെ വിവരങ്ങൾ ലഭ്യമാക്കുമോ;

(സി) ഇല്ലെങ്കിൽ അതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

ഭൂമിയുടെ തണ്ടപ്പേർ പിടിക്കുന്നതിനും കരം ഒടുക്കുന്നതിനുമുള്ള കാലതാമസം

1141 ശ്രീ. മോൻസ് ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഭൂമിയുടെ തണ്ടപ്പേർ പിടിക്കുന്നതിനും, പുതിയ ആധാരം നടന്ന ഭൂമിയുടെ കരം ഒടുക്കുന്നതിനും പൊതുജനങ്ങൾ ഇന്നു നേരിടുന്ന അനാവശ്യമായ കാലതാമസം ഒഴിവാക്കുവാൻ നടപടി സ്വീകരിക്കുമോ;

(ബി) വർഷങ്ങളായി വസ്തു കരം ഒടുക്കാനുള്ളവർക്ക് പുരയിടത്തിന്റെ കരം ഒടുക്കുന്നതിന് വില്ലേജ് ഓഫീസുകളിലും, താലൂക്ക് ഓഫീസുകളിലും നേരിടുന്ന കാലതാമസവും ബുദ്ധിമുട്ടുകളും പരിഹരിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ തിരുവനന്തപുരം താലൂക്കിൽ കരം ഒടുക്കുവാൻ വേണ്ടി എത്ര അപേക്ഷകൾ തീർപ്പാക്കാനുണ്ട് എന്ന് വ്യക്തമാക്കുമോ; ഇവയിൽ എന്തു നടപടി സ്വീകരിച്ചു എന്ന് അറിയിക്കാമോ ?

(ഡി) തിരുവനന്തപുരം താലൂക്കിൽ ഉളിയാഴ്ത്തറ വില്ലേജിൽ കരം ഒടുക്കുന്നതിനുവേണ്ടി ശ്രീമതി അംബികാദേവി നൽകിയിരുന്ന എച്ച്1/13563/2013 പരാതിയിൽ എന്ത് നടപടി സ്വീകരിച്ചു എന്ന് വെളിപ്പെടുത്താമോ; ഈ ഫയൽ തീർപ്പുകൽപ്പിക്കുന്നതിനുണ്ടായ കാലതാമസം എന്താണെന്ന് വിശദമാക്കാമോ; ഇതു പരിഹരിക്കുന്നതിന് എത്ര ദിവസത്തിനകം തീരുമാനമുണ്ടാകും എന്ന് വ്യക്തമാക്കാമോ ;

(ഇ) താലൂക്ക് സർവ്വേയർ അളന്ന് തിട്ടപ്പെടുത്തിയ തിരുവനന്തപുരം താലൂക്ക് ഉളിയാഴ്ത്തറ വില്ലേജിലെ കുഴിക്കാട്ട് നാഗരുകാവ് വക സ്ഥലത്തെ സംബന്ധിച്ച് ശ്രീ. കൃഷ്ണൻ നായർ നൽകിയ അപേക്ഷ സംബന്ധിച്ച് LRMI/58671/2013 എന്ന തിരുവനന്തപുരം താലൂക്കിലെ ഫയലിൽ തീർപ്പു കൽപ്പിക്കുന്നതിനുണ്ടായ കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ; ഇതു പരിഹരിക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിച്ച് വസ്തുവിന്റെ കരം ഒടുക്കുന്നതിനുള്ള അവസരമൊരുക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പഴയകുന്നുമ്മൽ ഗ്രാമപഞ്ചായത്തിലെ ഇലക്ട്രിക് പൊതുശ്മശാനത്തിന് ഭൂമി അനുവദിക്കുന്നതിന് നടപടി</u>

1142 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കിളിമാനൂർ ബ്ലോക്ക് പഞ്ചായത്ത് പഴയകുന്നുമ്മേൽ ഗ്രാമപഞ്ചായത്തിലെ കാനാറയിൽ സ്ഥാപിക്കുവാൻ തീരുമാനിച്ചിട്ടുള്ള ഇലക്ട്രിക് പൊതുശ്മശാനത്തിന് ഭൂമി അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) നടപടിക്രമങ്ങൾ എത്രയും വേഗം പൂർത്തിയാക്കി പദ്ധതി നടപ്പിൽ വരുത്തുവാൻ അടിയന്തിര നിർദ്ദേശം നൽകാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>വസ്തു പോക്കുവരവ് ചെയ്തു ലഭിക്കുന്നില്ലെന്ന പരാതി</u>

1143 ശ്രീ. സി. കെ. സദാശിവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ അമ്പലപ്പുഴ താലൂക്കിൽ പറവൂർ വില്ലേജിൽ കാണ്ടായള്ളിയിൽ ഭൈമിക്കുട്ടിക്ക് സഹോദരൻ കൃഷ്ണനുണ്ണിയുടെ 312/6-3448/13-10 വസ്തു 1964-ൽ ആലപ്പുഴ സബ്രജിസ്ട്രാർ ആഫീസ് മുഖാന്തിരം പ്രമാണം നടത്തിക്കൊടുത്തിട്ടുണ്ടോ;

(ബി) മേൽപ്പടി വസ്തു ഭൈമിക്കുട്ടി 28.10.2002 ൽ തന്റെ മകൻ രവീന്ദ്രനാഥിന്റെ പേരിൽ രജിസ്ട്രാർ ആഫീസ് മുഖാന്തിരം പ്രമാണം നടത്തിക്കൊടുത്തിട്ടുണ്ടോ; എങ്കിൽ ശ്രീ.രവീന്ദ്രനാഥിന്റെ പേരിൽ പ്രസ്തുത വസ്തു പോക്കുവരവു ചെയ്തു നൽകാതിരിക്കുന്നത് എന്തുകൊണ്ടാണ്;

(സി) 40 വർഷത്തോളമായി നിയമാനുസൃത കൈവശം വെച്ചനുഭവിച്ചുപോരുകയും, കരംതീരുവയുമുള്ള വസ്തു 30 വർഷം മുമ്പേ (1982-ൽ) മരണമടഞ്ഞുപോയ കൃഷ്ണനുണ്ണിയുടെ പേരിൽ പോക്കുവരവ് ചെയ്തു കൊടുത്തിട്ടുണ്ടോ; എങ്കിൽ ഇതിനിടയായ സാഹചര്യവും നിയമവശവും എന്താണ്; വിശദമാക്കുമോ ?

(ഡി) ഇപ്പോൾ മെൽപ്പടി വസ്തുവിന് അനധികൃതമായി ആരെങ്കിലും കരം അടച്ചുവരുന്നുണ്ടോ; എങ്കിൽ ആരാണ് കരം അടക്കുന്നത് എന്നും ഏതുരേഖയുടെ അടിസ്ഥാനത്തിലാണതെന്നും വ്യക്തമാക്കുമോ;

(ഇ) ഇതു സംബന്ധിച്ച് 4.1.2013-ൽ N.4-6995/2012 ലെ അമ്പലപ്പുഴ അഡീഷണൽ തഹസീൽദാരുടെ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ;

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

(എഫ്) ഇതു സംബന്ധിച്ച് ആലപ്പുഴ ജില്ലാ കളക്ടർ മുഖാന്തിരം അമ്പലപ്പുഴ തഹസീൽദാർക്ക് ശ്രീ. രവീന്ദ്രനാഥ് നൽകിയ 29.3.2014 ലെ 7274-N4 നമ്പർ പോക്കുവരവ് അപ്പീലിന്മേൽ എന്തു നടപടി സ്വീകരിച്ചെന്നു വ്യക്തമാക്കുമോ ;

(ജി) പ്രസ്തുത അപ്പീലിന്മേൽ അടിയന്തിരമായി നടപടി സ്വീകരിക്കുവാൻ ഉത്തരവു നൽകുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>അനധികൃതമായി കൈയ്യേറിയ ഭൂമി തിരിച്ച്</u>
<u>പിടിക്കാൻ നടപടി</u>

1144 ശ്രീ. റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ പെരിന്തൽമണ്ണ താലൂക്കിലെ വില്ലേജുകളിൽ സർക്കാർ ഭൂമി കുമാരഗിരി എസ്റ്റേറ്റുകാർ അനധികൃതമായി കൈവശം വയ്ക്കുന്നതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 100 ലധികം ഹെക്ടർ സർക്കാർ ഭൂമി കൈവശം വച്ചിരിക്കുന്ന കുമാരഗിരി എസ്റ്റേറ്റുകാരിൽ നിന്നും ഭൂമി തിരിച്ച് പിടിക്കുന്നതിന് നടപടി സ്വീകരിക്കുമോ;

(സി) അനധികൃതമായി സർക്കാർ ഭൂമി കൈവശം വയ്ക്കുന്ന കുമാരഗിരി എസ്റ്റേറ്റിൽ അടിയന്തിരമായി സർവ്വേ നടത്തി കയ്യേറ്റം ഒഴിപ്പിക്കാൻ നിർദ്ദേശം നൽകുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>വൈത്തിരി താലൂക്കിലെ കർഷകർക്ക് കൈവശാവകാശ രേഖ</u>

1145 ശ്രീ. എം. വി. ശ്രേയാംസ് കുമാർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൽപ്പറ്റ മണ്ഡലത്തിലെ വൈത്തിരി താലൂക്കിൽപ്പെട്ട കർഷകരുടെ കൈവശാവകാശ രേഖകൾ ലഭിക്കാത്തതു സംബന്ധിച്ച് 19.6.2013 ന് മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ യോഗം ചേരുകയുണ്ടായോ;

(ബി) പ്രസ്തുത യോഗ തീരുമാനങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) യോഗതീരുമാനങ്ങളിൽ ഏതെല്ലാം തീരുമാനങ്ങൾ നടപ്പാക്കാനായിയെന്നു വ്യക്തമാക്കുമോ;

(ഡി) യോഗതീരുമാന പ്രകാരം സംയുക്ത പരിശോധന സംബന്ധിച്ച് 10.8.2012 ൽ ചേർന്ന യോഗത്തിന്റെ നടപടിക്കുറിപ്പ് പിൻവലിച്ച് ഉത്തരവായോ; വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

പത്തനംതിട്ട ജില്ലയിലെ നദികളിൽ നിന്നുള്ള മണൽ ഖനനം

1146 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പത്തനംതിട്ട ജില്ലയിലെ നദികളിൽ നിന്ന് മണൽ ഖനനം ചെയ്യുന്നതിന് നിരോധനം വന്നത് എന്നു മുതൽക്കാണ്;

(ബി) മണൽ ഖനനം പുനരാരംഭിക്കുന്നതു സംബന്ധിച്ച് ഏതെങ്കിലും നിബന്ധനകൾ ഉത്തരവിൽ ഏർപ്പെടുത്തിയിട്ടുണ്ടോ; അവ വിശദമാക്കാമോ;

(സി) പത്തനംതിട്ട ജില്ലയിൽ ഏതൊക്കെ നദികളിലാണ് സാൻഡ് ആഡിറ്റിംഗ് നടത്തി റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളത്; സാൻഡ് ആഡിറ്റിംഗ് പൂർത്തീകരിച്ച നദികളിൽ മണൽ ഖനനം നടത്തുന്നതിന് എന്തൊക്കെ നടപടികളാണ് പൂർത്തീകരിക്കാനുള്ളത്; ഏതെങ്കിലും നദികളിൽ നിന്നും ഖനനം നടത്തുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) പമ്പാനദിയിൽ സാൻഡ് ഓഡിറ്റ് നടത്തിയിട്ടുണ്ടോ; ഏത് ഏജൻസിയാണ് സാൻഡ് ഓഡിറ്റിംഗ് നടത്തിയത്; എന്നാണ് ഈ ഏജൻസിയെ ഓഡിറ്റിംഗിനായി ചുമതലപ്പെടുത്തിയത്; എത്ര നാളുകൾക്കുള്ളിൽ പൂർത്തിയാക്കി റിപ്പോർട്ട് നൽകാനാണ് നിർദ്ദേശിച്ചിരുന്നത്; ഇവർ റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടോ; ഇതിന്മേൽ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ എന്തുകൊണ്ട് എന്ന് വിശദമാക്കാമോ;

(ഇ) നിർമ്മാണ മേഖലയുടെ സ്തംഭനത്തിനും ആയിരക്കണക്കിന് തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെടുന്നതിനും ഇടയാക്കിയ ഈ നിരോധം പിൻവലിച്ച് പമ്പാനദിയിൽ മണൽ ഖനനം പുനരാരംഭിക്കാൻ എന്തൊക്കെ നടപടികൾ സ്വീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>മണൽ ദൗർലഭ്യം</u>

1147 ശ്രീ. കെ. എൻ. എ. ഖാദർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിർമ്മാണ മേഖലയിൽ മണലിന്റെ ദൗർലഭ്യം മൂലം അനുഭവപ്പെടുന്ന പ്രശ്നങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആയത് പരിഹരിക്കാൻ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) ഇടനിലക്കാരെ ഒഴിവാക്കി നിർമ്മാണ മേഖലയിൽ മണൽ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>മുൻവർഷത്തെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്നതും നടപ്പിലാക്കാൻ കഴിയാതിരുന്നതുമായ റവന്യൂ വകുപ്പിലെ പദ്ധതികൾ</u>

1148 ശ്രീ. എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ വർഷത്തെ ബജറ്റിൽ പ്രഖ്യാപിച്ചിരുന്ന റവന്യു വകുപ്പിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കാൻ കഴിയാതെ പോയത് എന്നറിയിക്കാമോ;

(ബി) ഈ പദ്ധതികൾക്ക് ആവശ്യമായ ഫണ്ട് അനുവദിച്ചിരുന്നോ;

(സി) പദ്ധതികൾ നടപ്പിലാക്കാൻ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>റവന്യൂ വകുപ്പിനുള്ള ബഡ്ജറ്റ് വിഹിതവും ചെലവുകളും</u>

1149 ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ റവന്യൂ വകുപ്പിനായി ആകെ വകയിരുത്തിയ തുക എത്രയായിരുന്നു;

(ബി) അനുവദിച്ച തുക മുഴുവൻ ചെലവഴിക്കാൻ കഴിഞ്ഞിട്ടുണ്ടോ;

(സി) ഇല്ലെങ്കിൽ ലാപ്സായ തുക എത്രയാണ്; ഇതിനുള്ള കാരണം വിശദമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സര്‍ക്കാര്‍ ഭൂമി പാട്ടത്തിന് നല്‍കുന്നത് സംബന്ധിച്ച വ്യവസ്ഥകള്‍</u>

1150 ശ്രീ. കെ. വി. അബ്ദുള്‍ ഖാദര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സര്‍ക്കാര്‍ ഭൂമി പാട്ടത്തിന് നല്‍കുന്നത് സംബന്ധിച്ച വ്യവസ്ഥകള്‍ വിശദമാക്കാമോ; പ്രസ്തുത വ്യവസ്ഥകള്‍ കാലോചിതമായി പുതുക്കിയിട്ടുണ്ടോ;

(ബി) സര്‍ക്കാര്‍ ഭൂമി പാട്ടത്തിനെടുത്ത ഏതെങ്കിലും സ്ഥാപനങ്ങളോ സംഘടനകളോ പാട്ട കുടിശിക വരുത്തിയിട്ടുണ്ടോ; എങ്കില്‍ അവയുടെ വിശദാംശങ്ങള്‍ വ്യക്തമാക്കുമോ;

(സി) പാട്ട കാലാവധി കഴിഞ്ഞിട്ടും ഭൂമി സര്‍ക്കാരിന് തിരിച്ച് കിട്ടിയിട്ടില്ലാത്ത എത്ര കേസുകള്‍ ഉണ്ട്; അവ ഏതൊക്കെ; അവ തിരിച്ച് പിടിക്കുന്നതിന് സ്വീകരിച്ച നടപടി എന്താണ്?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ബാലുശ്ശേരി മണ്ഡലത്തിലെ 'കോവിലകം താഴെ പാലത്തിനോടനുബന്ധിച്ച' ഭൂരേഖകൾ</u>

1151 ശ്രീ. പുരുഷൻ കടലുണ്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ബാലുശ്ശേരി അസംബ്ലി മണ്ഡലത്തിലെ 'കോവിലകം താഴെ പാലം' നിർമ്മിച്ചിരിക്കുന്ന ഭാഗത്തെ പുഴയോരം, അപ്രോച്ച് റോഡുകൾ, അനുബന്ധ സ്വകാര്യ ഭൂമികൾ, പൊതുഭൂമികൾ എന്നിവയുടെ എഫ്. എം. ബി. പകർപ്പുകൾ ലഭ്യമാക്കാമോ;

(ബി) പാലത്തിന് ഇരുവശത്തുമുള്ള വില്ലേജ് രേഖകൾപ്രകാരം ഓരോ സബ്ഡിവിഷനിലും ഉൾപ്പെട്ട ഭൂമിയുടെ അളവ്, ഉടമസ്ഥത എന്നിവ സംബന്ധിച്ച വിവരവും അറിയിക്കാമോ?

## കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

എളങ്കുന്നപ്പുഴ വില്ലേജിന്റെ പരിധിയിൽ താമസക്കാരായ കുടുംബങ്ങൾക്ക് പട്ടയം ലഭിക്കുന്നതിന് നടപടി

1152 ശ്രീ. എസ്. ശർമ്മ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കൊച്ചി താലൂക്കിലെ എളങ്കുന്നപ്പുഴ വില്ലേജിന്റെ പരിധിയിൽ വർഷങ്ങളായി സ്ഥിരതാമസക്കാരായ 27 കുടുംബങ്ങൾ പട്ടയം ലഭിക്കുന്നതിനായി സമർപ്പിച്ച അപേക്ഷയിന്മേൽ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) ഇവരുടെ അപേക്ഷ സർക്കാരിന്റെ മുമ്പിൽ എത്തിയിട്ട് എത്ര നാളായെന്നും പട്ടയം അനുവദിക്കുന്നതിനുള്ള തടസ്സം എന്താണെന്നും എന്നത്തേക്ക് തീർപ്പ് കൽപ്പിക്കുവാൻ ആകുമെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>സർക്കാർ ഭൂമി പതിച്ചു കിട്ടുന്നതിന് ലഭിച്ച അപേക്ഷകൾ</u>

1153 ശ്രീ. എ. എം. ആരിഫ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സർക്കാർ ഭൂമി പതിച്ച് കിട്ടുന്നതിനുവേണ്ടി ലഭിച്ച എത്ര സംഘടനകളുടെ അപേക്ഷകൾ പരിഗണനയിലുണ്ടെന്ന് വെളിപ്പെടുത്താമോ;

(ബി) ഈ സർക്കാരിന്റെ കാലത്ത് ഇതിനകം എത്ര സംഘടനകൾക്ക് ഭൂമി പതിച്ചു നൽകിയിട്ടുണ്ട്;

(സി) രാഷ്ട്രീയ പാർട്ടികളുമായി ബന്ധപ്പെട്ട് ഏതെല്ലാം സംഘടനകൾക്ക് ഏതെല്ലാം സ്ഥലത്ത് എത്ര ഏക്കർ ഭൂമി വീതം പതിച്ച് നൽകുകയോ, ലീസിൽ നൽകുകയോ ചെയ്തിട്ടുണ്ട്?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

കോഴിക്കോട് താലൂക്കിൽ കുന്ദമംഗലം വില്ലേജിലെ
റി.സ.484/2-ൽപെട്ട സ്ഥലം

1154 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ കുന്ദമംഗലം വില്ലേജിൽ മിച്ചഭൂമിയായി ഏറ്റെടുത്ത റി.സ.484/2-ൽപെട്ട സ്ഥലം ആരുടെ കൈവശമാണുള്ളതെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സ്ഥലം ആഭ്യന്തര വകുപ്പിനും വിദ്യാഭ്യാസ വകുപ്പിനും നൽകിയിട്ടുണ്ടോ;

(സി) സ്വകാര്യ വ്യക്തികൾക്ക് പതിച്ചു നൽകിയിട്ടുണ്ടോ;

(ഡി) എങ്കിൽ ആർക്കെല്ലാമാണെന്നും എത്ര സെന്റ് വീതമാണെന്നും വ്യക്തമാക്കുമോ;

(ഇ) വിദ്യാഭ്യാസ വകുപ്പിനും ആഭ്യന്തര വകുപ്പിനും നൽകിയിട്ടുണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കാമോ;

(എഫ്) സ്ഥലത്തിന്റെ സ്കെച്ചും പ്ലാനും ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് താലൂക്കിൽ കുന്ദമംഗലം വില്ലേജിൽ പോലീസ് സ്റ്റേഷനും എൻ.എച്ച് 212 നും ഇടയിലുള്ള റവന്യൂ ഭൂമി</u>

1155 ശ്രീ. പി. റ്റി. എ. റഹീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് താലൂക്കിൽ കുന്ദമംഗലം വില്ലേജിൽ പോലീസ് സ്റ്റേഷനും എൻ.എച്ച് 212 നും ഇടയിലുള്ള റവന്യൂ ഭൂമി ആർക്കെങ്കിലും പതിച്ചുനൽകുകയോ ലീസിന് നൽകുകയോ ചെയ്തിട്ടുണ്ടോ;

(ബി) ആർക്കൊക്കെ എത്ര വീതമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കുമോ;

(സി) എത്ര കാലത്തേയ്ക്കാണ് നൽകിയതെന്ന് വ്യക്തമാക്കുമോ;

(ഡി) എൻ.എച്ച്. 212-ൽ വാഹന ഗതാഗതം വർദ്ധിച്ച സാഹചര്യത്തിൽ ലീസ് അവസാനിപ്പിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഇ) ഇക്കാര്യത്തിൽ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>റിവര്‍ മാനേജ്മെന്റ് ഫണ്ട് പദ്ധതി</u>

1156 ശ്രീ. രാജു എബ്രഹാം

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) റിവര്‍ മാനേജ്മെന്റ് ഫണ്ട് പദ്ധതി പ്രകാരം കഴിഞ്ഞ 3 വര്‍ഷങ്ങളിലായി പത്തനംതിട്ട ജില്ലയിലെ വിവിധ നദികളുടെ തീര സംരക്ഷണത്തിനായി അനുവദിച്ച പദ്ധതികളും തുകയും ഏതൊക്കെ എന്ന് വര്‍ഷം തിരിച്ചു വ്യക്തമാക്കാമോ; ഇതില്‍ പൂര്‍ത്തിയായ പ്രവൃത്തികള്‍ ഏതൊക്കെ; നിര്‍മ്മാണം നടന്നുകൊണ്ടിരിക്കുന്നവ ഏതൊക്കെ;

(ബി) ഇനിയും നിര്‍മ്മാണം ആരംഭിക്കാത്ത പ്രവൃത്തികള്‍ ഏതൊക്കെ; ഇവയുടെ നിര്‍മ്മാണം ആരംഭിക്കാന്‍ കഴിയാത്തതിന്റെ കാരണം വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിൽ റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും നടപ്പാക്കേണ്ടതിനുള്ള പ്രവൃത്തികൾ</u>

1157 ശ്രീ. കെ. ദാസൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കോഴിക്കോട് ജില്ലയിൽ നിന്നുള്ള ഡി.എൽ.ഇ.സി റിവർ മാനേജ്മെന്റ് ഫണ്ടിൽ നിന്നും നടപ്പാക്കേണ്ടതിന് ഏതെല്ലാം പ്രവർത്തികൾ സ്റ്റേറ്റ് ലെവൽ എക്സ്പെർട്ട് കമ്മിറ്റിയുടെ മുൻപാകെ ശുപാർശ ചെയ്തിട്ടുണ്ട്: ശുപാർശ ചെയ്ത പ്രവർത്തികളിൽ കൊയിലാണ്ടി മണ്ഡലത്തിൽ ഉൾപ്പെടുന്ന പ്രവർത്തികൾ ഏതെല്ലാമുണ്ടായിരുന്നു;

(ബി) കൊയിലാണ്ടിയിൽ കോട്ടതുരുത്തി ദ്വീപിന് പാർശ്വഭിത്തി കെട്ടി സംരക്ഷിക്കുന്നതിനായുള്ള ശുപാർശ എസ്.എൽ.ഇ.സി മുൻപാകെ വന്നിട്ടുണ്ടായിരുന്നുവോ;

(സി) ഈ പ്രവൃത്തിയ്ക്ക് എസ്.എൽ.ഇ.സി അംഗീകാരം നൽകാതിരുന്നത് എന്ത്കൊണ്ടായിരുന്നു എന്ന് വ്യക്തമാക്കാമോ ;

(ഡി) കോട്ടതുരുത്തി ദ്വീപിന് പാർശ്വഭിത്തികെട്ടി സംരക്ഷിക്കുന്ന ആവശ്യത്തിന് എത്ര തവണ നിവേദനം ലഭിച്ചിട്ടുണ്ട് എന്ന് വിശദമാക്കാമോ; നിവേദനങ്ങളുടെ പകർപ്പുകൾ ലഭ്യമാക്കാമോ; സ്ഥലം എം.എൽ.എ യിൽ നിന്നും ലഭിച്ച നിവേദനത്തിൽ സ്വീകരിച്ചുവരുന്ന നടപടികൾ വ്യക്തമാക്കാമോ;

(ഇ) റിവർ മാനേജ്മെന്റ് ഫണ്ടിൽ കോഴിക്കോട് ജില്ലയിൽ എത്ര ഫണ്ട് നീക്കിയിരുപ്പുണ്ട് എന്നത് വ്യക്തമാക്കാമോ;

(എഫ്) കോട്ടയ്ക്കൽ ദ്വീപിന് പാർശ്വഭിത്തി കെട്ടുന്നതിന് ഭരണാനുമതി നൽകാൻ അടിയന്തിര നടപടികൾ സ്വീകരിക്കുമോ; എന്ന് അംഗീകാരം നൽകുമെന്ന് പറയാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പ്രകൃതി ദുരന്തബാധിതർക്ക് ധനസഹായം</u>

1158 ശ്രീ. മാത്യു റ്റി. തോമസ്
ശ്രീമതി ജമീല പ്രകാശം
ശ്രീ. ജോസ് തെറ്റയിൽ
,, സി.കെ. നാണു

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അപ്രതീക്ഷിതമായ മഴയും, വെള്ളപ്പൊക്കവും, കാറ്റും മൂലം സംസ്ഥാനത്തുടനീളം അടുത്തിടെയുണ്ടായിട്ടുള്ള നാശനഷ്ടത്തെ സംബന്ധിച്ച് കണക്ക് എടുത്തിട്ടുണ്ടോ;

(ബി) ജില്ല തിരിച്ചും വില്ലേജ് തിരിച്ചും ഇത് സംബന്ധിച്ച വിശദാംശങ്ങൾ വ്യക്തമാക്കാമോ;

(സി) പ്രകൃതി ദുരന്തം നേരിടുന്നതിന് കേന്ദ്രസർക്കാരിൽ നിന്ന് ധനസഹായം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) എങ്കിൽ അത് സംബന്ധിച്ച വിശദാംശങ്ങളും കേന്ദ്ര സർക്കാരിന്റെ പ്രതികരണവും എന്താണെന്ന് വ്യക്തമാക്കാമോ;

(ഇ) 2012 ഏപ്രിൽ മാസം മുതൽ പ്രകൃതിദുരന്തം മൂലം കൃഷിനാശം സംഭവിച്ച കർഷകർക്ക് നഷ്ടപരിഹാരം ലഭിച്ചിട്ടില്ല എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ പ്രസ്തുത നഷ്ടപരിഹാരം എന്നേക്ക് വിതരണം ചെയ്യുമെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

വരൾച്ച ദുരിതാശ്വാസത്തിന്റെ വിതരണം

1159 ശ്രീ. കെ.കെ. ജയചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞവർഷത്തെ കൊടുംവരൾച്ച നേരിടുന്നതിന് എത്ര തുകയുടെ കേന്ദ്രസഹായമാണ് ആവശ്യപ്പെട്ടിരുന്നത്; കേന്ദ്രസർക്കാർ അനുവദിച്ചതുക എത്ര; ലഭിച്ച തുക എത്ര;

(ബി) ലഭിച്ച മുഴുവൻ തുകയും ദുരിതത്തിന് ഇരയായവർക്കും കൃഷിക്കാർക്കും വിതരണം ചെയ്തിട്ടുണ്ടോ;

(സി) തുക വിതരണം ചെയ്തതിന്റെ കണക്ക് ജില്ലാടിസ്ഥാനത്തിൽ വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ</u>

1160 ശ്രീ. എം. എ. വാഹിദ്
'' ഐ. സി. ബാലകൃഷ്ണൻ
'' ഹൈബി ഈഡൻ
'' പി. എ. മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധി വിനിയോഗിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ കൂടുതൽ ഉദാരമാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ;

(ബി) ധനസഹായം ലഭിക്കുന്നതിനുള്ള പരമാവധി വാർഷിക വരുമാന പരിധി ഉയർത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(സി) ധനസഹായം അനുവദിക്കുന്നതിനുള്ള അധികാരപരിധി സംബന്ധിച്ച വിവരങ്ങൾ വിശദമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കേന്ദ്രദുരിതനിവാരണസേനയും കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനവും</u>

1161 ശ്രീ. സണ്ണി ജോസഫ്
,, റ്റി.എൻ. പ്രതാപൻ
,, പാലോട് രവി
,, തേറമ്പിൽ രാമകൃഷ്ണൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പ്രകൃതി ദുരന്തങ്ങളുടെ പശ്ചാത്തലത്തിൽ കാലാവസ്ഥ മുന്നറിയിപ്പ് സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കേന്ദ്ര ദുരിത നിവാരണസേനയുടെ സഹായത്താൽ സംസ്ഥാനത്ത് ദുരന്തനിവാരണത്തിനായി എന്തെല്ലാം സംവിധാനങ്ങളാണ് ഏർപ്പെടുത്താനുദ്ദേശിക്കുന്നത്;

(സി) ഏതെല്ലാം ദുരന്തങ്ങൾക്കാണ് പ്രസ്തുത സംവിധാനങ്ങൾ പ്രയോജനപ്പെടുത്താനുദ്ദേശിക്കുന്നത്;

(ഡി) ഇതിനായി എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പ്രകൃതിക്ഷോഭം നേരിട്ടവർക്ക് നഷ്ടപരിഹാരം</u>

1162 ശ്രീമതി കെ. കെ. ലതിക

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഏതൊക്കെ പ്രകൃതിക്ഷോഭങ്ങൾ മൂലം ദുരിതമനുഭവിക്കുവർക്കാണ് ധനസഹായം അനുവദിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(ബി) ഇത് സംബന്ധമായി എന്തൊക്കെ മാർഗ്ഗനിർദ്ദേശങ്ങളാണ് പുറപ്പെടുവിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കാലാവസ്ഥാ വ്യതിയാനവും ദുരിതങ്ങളും പഠന വിധേയമാക്കുന്നതിന് ഇൻസ്റ്റിറ്റ്യൂട്ട്</u>

1163 ശ്രീ. മുല്ലക്കര രത്നാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാലാവസ്ഥാ വ്യതിയാനവും ദുരിതങ്ങളും പഠനവിധേയമാക്കുന്നതിനായി സർക്കാർ പ്രഖ്യാപിച്ച ഇൻസ്റ്റിറ്റ്യൂട്ടിന്റെ പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കാമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കാസർഗോഡ് ജില്ലയിൽ വേനൽമഴയിലുണ്ടായ നാശനഷ്ടം</u>

1164 ശ്രീ. കെ. കുഞ്ഞിരാമൻ (ഉദുമ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ഇക്കഴിഞ്ഞ വേനൽ മഴയിൽ എത്ര കോടി രൂപയുടെ നാശനഷ്ടം സംഭവിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ അറിയിക്കുമോ ;

(ബി) ഇതിൽ 6-5-2014-ന് ഹോസ്ദുർഗ് താലൂക്കിൽപ്പെടുന്ന ഉദുമ പഞ്ചായത്തിലും പുല്ലൂർ-പെരിയ പഞ്ചായത്തിലും എത്ര ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായിട്ടുണ്ട് ;

(സി) നാശനഷ്ടം സംഭവിച്ചവർക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ അറിയിക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>ഇടിമിന്നൽ മൂലമുള്ള അപകടങ്ങൾക്ക് നഷ്ടപരിഹാരം</u>

1165 ശ്രീ. റ്റി. വി. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ഇടിമിന്നൽ മൂലമുള്ള അപകടങ്ങൾ വർദ്ധിച്ചു വരുന്ന സാഹചര്യത്തിൽ കൂടുതലായി ഇടിമിന്നൽ ഉണ്ടാകുന്ന സ്ഥലങ്ങളെ സംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ ;

(ബി) ഇടിമിന്നൽ മൂലമുണ്ടാകുന്ന അപകടങ്ങൾക്ക് എന്തൊക്കെ നഷ്ടപരിഹാരങ്ങളാണ് നൽകിവരുന്നത് ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>നേമം മണ്ഡലത്തിലെ പൊന്നുമംഗലം വാർഡിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതി</u>

1166 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നേമം നിയോജക മണ്ഡലത്തിലെ പൊന്നുമംഗലം വാർഡിൽ വെള്ളപ്പൊക്ക ദുരിതാശ്വാസ പദ്ധതിയിൽ ഉൾപ്പെടുത്തി നടപ്പിലാക്കാൻ ഭരണാനുമതി ലഭിച്ച ഊറ്റുകുഴി-മഠത്തുവിളാകം റോഡിന്റെ നിർമ്മാണ പുരോഗതി സംബന്ധിച്ചുള്ള എല്ലാ വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ബി) പ്രസ്തുത റോഡിന്റെ നിർമ്മാണം എന്നത്തേക്കു പൂർത്തിയാകും എന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>വൈക്കം മണ്ഡലത്തിൽ കാലവർഷക്കെടുതിയിൽപ്പെട്ട വർക്കുള്ള ദുരിതാശ്വാസം</u>

1167 ശ്രീ. കെ അജിത്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ കാലവർഷകാലത്ത് രണ്ടു തവണകളിലായി എത്ര കുടുംബത്തിൽപ്പെട്ട എത്ര ആളുകളാണ് വൈക്കം നിയോജക മണ്ഡലത്തിലുളള ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിഞ്ഞതെന്ന് വ്യക്തമാക്കുമോ;

(ബി) ക്യാമ്പുകളുടെ നടത്തിപ്പിനായി എത്ര തുക ചെലവഴിച്ചുവെന്ന് മണ്ഡലത്തിലെ പഞ്ചായത്തുകൾ തിരിച്ച് വ്യക്തമാക്കുമോ;

(സി) സർക്കാർ പ്രഖ്യാപിച്ച 2000 രൂപയുടെ ദുരിതാശ്വാസം സഹായം ക്യാമ്പുകളിൽ കഴിഞ്ഞ മുഴുവൻ കുടുംബങ്ങൾക്കും നൽകിയിട്ടുണ്ടോയെന്നും ഇല്ലായെങ്കിൽ ഇനി എത്ര കുടുംബങ്ങൾക്ക് നൽകാനുണ്ടെന്നും വ്യക്തമാക്കുമോ;

(ഡി) ദുരിതാശ്വാസ ക്യാമ്പുകളിൽ കഴിയുന്നവർക്ക് തുടർന്നുള്ള വർഷങ്ങളിലും സാമ്പത്തിക സഹായം നൽകാൻ ഉദ്ദേശിക്കുന്നുണ്ടോയെന്നും വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>പണയിൽകടവ് പാലം അപ്രോച്ച്റോഡിന്റെ നിർമ്മാണം</u>

1168 ശ്രീ. ബി. സത്യൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പണയിൽകടവ് പാലം അപ്രോച്ച്റോഡിന്റെ നിർമ്മാണത്തിന് ഭൂമി ഏറ്റെടുക്കുന്ന നടപടി ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) പാലം പണി പൂർത്തിയായി വർഷങ്ങളേറെയായെങ്കിലും ഭൂമിയേറ്റെടുക്കലിന് തടസ്സമായി നിലക്കുന്ന കാര്യങ്ങൾ വിശദമാക്കാമോ;

(സി) ഭൂമി ഏറ്റെടുത്ത് റോഡ് നിർമ്മാണം പൂർത്തിയാക്കാൻ അടിയന്തര നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>നേമം മണ്ഡലത്തിൽ എം.എൽ.എ.യുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവൃത്തി കൾ</u>

1169 ശ്രീ. വി. ശിവൻകുട്ടി

താഴെ കാണുന്ന ചോദ്യത്തിന്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റതിനുശേഷം നാളിതുവരെ നേമം നിയോജകമണ്ഡലത്തിൽ എം.എൽ.എ. യുടെ പ്രാദേശിക വികസന ഫണ്ട് വിനിയോഗിച്ചു നടപ്പിലാക്കിയ പ്രവൃത്തികൾ, ഇപ്പോൾ പുരോഗതിയിലുള്ള പ്രവൃത്തികൾ, കാലാവധി കഴിഞ്ഞിട്ടും പൂർത്തിയാകാത്ത പ്രവൃത്തികൾ ആയതിന്റെ കാരണവും, മേൽപ്പറഞ്ഞ ഓരോ പ്രവൃത്തിക്കും ചെലവഴിക്കപ്പെട്ട തുക, 2014-15 സാമ്പത്തിക വർഷത്തിൽ നിർവ്വഹിക്കുന്നതിനായി നിർദ്ദേശിക്കപ്പെട്ട പ്രവൃത്തികളും തുകയും ഇനി ടി ഫണ്ടിൽ അവശേഷിക്കുന്ന തുക- എന്നീ വിശദാംശങ്ങൾ ലഭ്യമാക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കോഴിക്കോട് ജില്ലയിലെ ചില പ്രദേശങ്ങളിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങൾ തകർന്നു വീഴുന്ന പ്രതിഭാസം സംബന്ധിച്ച്</u>

1170 ശ്രീ. ഇ.കെ. വിജയൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിലെ ചില പ്രദേശങ്ങളിൽ നിർമ്മാണത്തിലിരിക്കുന്ന കെട്ടിടങ്ങൾ തകർന്നു വീഴുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) ഇതു സംബന്ധിച്ച് റവന്യൂ വകുപ്പിന് ഏതെങ്കിലും പരാതി ലഭിച്ചിട്ടുണ്ടോ ;

(സി) ചില പ്രത്യേക പ്രദേശങ്ങളിൽ മാത്രം കണ്ടുവരുന്ന ഈ പ്രതിഭാസത്തെ സംബന്ധിച്ച് വിശദമായ പഠനം നടത്തുന്ന കാര്യം പരിഗണിക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കടകംപള്ളി ഭൂമി തട്ടിപ്പിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർ</u>

1171 ശ്രീ. ആർ. രാജേഷ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടകംപളളി ഭൂമി തട്ടിപ്പുകേസ്സിൽ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ

(ബി) ഈ കേസിൽ ഉൾപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കടകംപള്ളി ഭൂമി തട്ടിപ്പു കേസിൽ പ്രതികളായ ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിച്ച നടപടി</u>

1172 ശ്രീ. കോലിയക്കോട് എൻ. കൃഷ്ണൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ)) കടകംപള്ളി ഭൂമി തട്ടിപ്പു കേസിൽ പ്രതികളായ സർക്കാർ ഉദ്യോഗസ്ഥർ ആരെല്ലാം ;

(ബി) ഓരോ ഉദ്യോഗസ്ഥരുടെയും വകുപ്പും വഹിക്കുന്ന സ്ഥാനവും വെളിപ്പെടുത്തുമോ ;

(സി) തട്ടിപ്പ് കേസിൽ പ്രതികളായ ഉദ്യോഗസ്ഥരുടെ പേരിൽ സ്വീകരിച്ച വകുപ്പ് തല അച്ചടക്ക നടപടി വിശദീകരിക്കുമോ ;

(ഡി) പ്രതികളായ ആരുടെയെങ്കിലും പേരിൽ ഇതുവരെ അച്ചടക്ക നടപടി എടുക്കാതിരുന്നിട്ടുണ്ടോ ; എങ്കിൽ ആരുടെയൊക്കെ ;

(ഇ) മുൻപ് നടപടിയെടുത്ത ഏതെങ്കിലും ഉദ്യോഗസ്ഥന്റെ പേരിലുള്ള നടപടി റദ്ദാക്കിയിട്ടുണ്ടോ ; വിശദാംശം നൽകുമോ ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>കടകംപള്ളി ഭൂമി തട്ടിപ്പു കേസ്</u>

T1173 ശ്രീ. എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കടകംപള്ളി ഭൂമി തട്ടിപ്പുകേസിൽ എത്ര പേരെയാണ് സി. ബി. ഐ. പ്രതി ചേർത്തിട്ടുള്ളത്;

(ബി) മുഖ്യമന്ത്രിയുടെ ഗൺമാനായിരുന്ന ശ്രീ. സലിംരാജ് ഉൾപ്പെടെ മുഖ്യമന്ത്രിയുടെ ഓഫീസുമായി ബന്ധപ്പെട്ട് പ്രവർത്തിക്കുന്നവർ ആരെങ്കിലും പ്രതിപട്ടികയിലുണ്ടോ;

(സി) എത്ര ഏക്കർ ഭൂമിയാണ് ഇവർ തട്ടിയെടുത്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ ഭൂമിതട്ടിപ്പിനു കൂട്ടുനിന്ന സർക്കാരുദ്യോഗസ്ഥരുടെ പേരിൽ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ ആരുടെയൊക്കെ പേരിലാണ് നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

**കേരള നിയമസഭ**
**12.06.2014-ലെ മറുപടിക്ക്**

<u>കയർമേഖലയിലെ ആഭ്യന്തര വിപണി</u>
<u>മെച്ചപ്പെടുത്തുന്നതിനുള്ള കർമ്മ പദ്ധതികൾ</u>

1174 ശ്രീ. ആർ. സെൽവരാജ്
,, വി.റ്റി. ബൽറാം
,, ജോസഫ് വാഴക്കൻ
,, പി.എ മാധവൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിലെ ആഭ്യന്തര വിപണിയുടെ സാദ്ധ്യത ഉപയോഗപ്പെടുത്താൻ എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിരിക്കുന്നത്; വിശദമാക്കുമോ;

(ബി) പ്രസ്തുത ലക്ഷ്യം കൈവരിക്കുന്നതിന് കയറുത്പാദകർക്കും വ്യാപാരികൾക്കും എന്തെല്ലാം സഹായങ്ങളാണ് നൽകാൻ ഉദ്ദേശിക്കുന്നത്;

(സി) എത്ര കോടി രൂപയുടെ ആഭ്യന്തര വിപണി കണ്ടെത്താനാണ് ലക്ഷ്യമിട്ടിട്ടുള്ളത്;

(ഡി) കയറുൽപ്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണത്തിന് കയർ കോർപ്പറേഷൻ എന്തെല്ലാം സഹായങ്ങളാണ് നൽകുന്നത്; വിശദാശങ്ങൾ എന്തെല്ലാമാണ്?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>കഴിഞ്ഞ സാമ്പത്തിക വര്‍ഷം കയര്‍ വകുപ്പില്‍ നടപ്പാക്കാന്‍ കഴിയാതെ പോയ പദ്ധതികള്‍</u>

1175 ഡോ. കെ.ടി. ജലീല്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വര്‍ഷത്തെ ബഡ്ജറ്റില്‍ പ്രഖ്യാപിച്ചിരുന്ന കയര്‍ വകുപ്പിലെ ഏതെല്ലാം പദ്ധതികളാണ് നടപ്പാക്കാന്‍ കഴിയാതെ പോയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ; ആയതിനുള്ള കാരണം വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതികള്‍ക്ക് ബജറ്റില്‍ തുക വകയിരുത്തിയിരുന്നോ ;

(സി) ഫണ്ട് യഥാസമയം ലഭിക്കാത്തതാണോ പദ്ധതി മുടങ്ങാന്‍ കാരണമായതെന്ന് അറിയിക്കുമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

<u>കയര്‍ തൊഴിലാളികള്‍ക്കായി ഇന്‍കം സപ്പോര്‍ട്ട് സ്കീം</u>

1176 ശ്രീ. ജി. സുധാകരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
റവന്യൂവും കയറും **വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കയര്‍ തൊഴിലാളികള്‍ക്കായി ഇന്‍കം സപ്പോര്‍ട്ട് സ്കീം നടപ്പിലാക്കിയിട്ടുണ്ടോ; ഉണ്ടെങ്കില്‍ പ്രസ്തുത പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കിയത് എന്നാണെന്ന് വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്കായി ഇതുവരെ എത്ര തുക വകയിരുത്തി; 2013-14 സാമ്പത്തിക വര്‍ഷം ഈ പദ്ധതിയ്ക്കായി എത്ര തുക വകയിരുത്തിയിരുന്നു; പ്രസ്തുത തുക വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കില്‍ ഇതുവരെ വിതരണം ചെയ്ത തുക എത്ര; അനുവദിച്ച തുക മുഴുവനും വിതരണം ചെയ്യാന്‍ കഴിയാതെ വന്നിട്ടുണ്ടെങ്കില്‍ എന്തുകൊണ്ടാണെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതിയുടെ ഭാഗമായി എന്തെല്ലാം ആനുകൂല്യങ്ങളാണ് തൊഴിലാളികള്‍ക്ക് ലഭിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

പ്രാഥമിക കയർ സഹകരണ സംഘങ്ങൾ

1177 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് അകെ എത്ര പ്രാഥമിക കയർ സഹകരണ സംഘങ്ങൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്;

(ബി) ഇവയിൽ എത്ര എണ്ണം നിലവിൽ പ്രവർത്തിക്കുന്നു;

(സി) ഇവയുടെ പ്രോജക്ട് തിരിച്ചുള്ള കണക്കുകൾ ലഭ്യമാക്കുമോ;

(ഡി) ഈ സംഘങ്ങൾ 2013-14 വർഷത്തിൽ ഏതെല്ലാം ഇനം കയർ എത്ര ടൺ വീതം ഉല്പാദിപ്പിച്ചു;

(ഇ) പ്രോജക്ട് അടിസ്ഥാനത്തിൽ ഓരോ കയർ സംഘവും 2013-14 ൽ ഉൽപ്പാദിപ്പിച്ച കയറിന്റെ തുക, വില എന്നീ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

# കേരള നിയമസഭ
## 12.06.2014-ലെ മറുപടിക്ക്

ചകിരിച്ചോറിൽനിന്നുള്ള വൈദ്യുതി ഉല്പാദനം

1178 ശ്രീ. വർക്കല കഹാർ
,, ഡൊമിനിക് പ്രസന്റേഷൻ
,, സണ്ണി ജോസഫ്
,, എം. പി. വിൻസെന്റ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ചകിരിച്ചോറിൽനിന്ന് വൈദ്യുതി ഉല്പ്പാദിപ്പിക്കുന്ന നിലയം സ്ഥാപിക്കാനുള്ള പദ്ധതിക്ക് കയർ ബോർഡ് രൂപം നൽകിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പദ്ധതി സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം; വിവരിക്കുമോ;

(സി) എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പ്പാദിപ്പിക്കാനുദ്ദേശിക്കുന്നത്; വിശദമാക്കുമോ;

(ഡി) പദ്ധതിക്കായി എന്തെല്ലാം നടപടികൾ സ്വീകരിച്ച് കഴിഞ്ഞിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ് ?

# കേരള നിയമസഭ
# 12.06.2014-ലെ മറുപടിക്ക്

<u>ചകിരിക്ഷാമം പരിഹരിക്കാൻ നടപടി</u>

1179 ശ്രീ. ജി. സുധാകരൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**റവന്യൂവും കയറും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയിൽ കടുത്ത ചകിരിക്ഷാമം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കയർ സംഘങ്ങൾക്കും ചെറുകിട ഉല്പാദകർക്കും ഇതുമൂലം നഷ്ടം സംഭവിക്കുന്നുണ്ടോ;

(സി) പ്രസ്തുത പ്രശ്നത്തിന് പരിഹാരമായി സബ്സിഡി നിരക്കിൽ ചകിരി വിതരണം ചെയ്യാൻ നടപടി സ്വീകരിക്കുമോ: വിശദമാക്കാമോ;

(ഡി ചകിരിക്ഷാമം പരിഹരിക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ?